01
സെപ്റ്റംബർ
2019

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

# കുടക്കമ്പനിക്കെതിരെ പരാതി

**കുറുക്കൻ മേട്:** ഗുണനിലവാരം കുറഞ്ഞ കുടകളാണ് വിൽക്കുന്നതെന്ന് തവളമാർക്ക് കുടക്കമ്പനിക്കെതിരെ വ്യാപകമായ പരാതി. 'മഴയത്തും വെയിലത്തും മാറാത്ത ഭംഗി' എന്നതാണ് കുടക്കമ്പനിയുടെ പരസ്യം. എന്നാൽ മഴയും വെയിലും ഏൽക്കാൻ മാത്രമുള്ള ശക്തിയൊന്നും കുടക്കില്ല എന്നാണ് പിങ്കു കുറുക്കൻ പറയുന്നത്. താൻ അമ്മാവന്റെ മോന്റെ കല്യാണത്തിന് പോകാൻ നേരത്ത് മഴ വന്നെന്നും അന്നേരം പുതുതായി വാങ്ങിയ തവളമാർക്ക് കുടയെടുത്തെന്നും പറഞ്ഞു പിങ്കു. കുട നിവർത്തിയതും കുടയുടെ തുണിയെല്ലാം പിന്നാൻ തുടങ്ങി. കല്യാണവീടെത്തുമ്പോഴേക്ക് കുട മൊത്തം കീറി താൻ നനഞ്ഞൊലിച്ചെന്നും പിങ്കു പറഞ്ഞു. മഴ കൊണ്ടതിനെ തുടർന്ന് പനിയും ജലദോഷവും പിടിച്ച് വയ്യാതാകുകയും നല്ല ടേസ്റ്റിയായ മുയൽ ബിരിയാണി കഴിക്കാൻ പറ്റാതാകുകയും ചെയ്തു. കാർന്നോരായി കല്യാണ വീട്ടിൽ ഓടി നടക്കേണ്ട ഞാൻ പുതപ്പിനടിയിൽ കഞ്ഞിയും കുടിച്ച് കിടക്കേണ്ടി വന്നു. എണ്ണിക്കണക്കാനാവാത്ത തന്റെ ഈ യാതനകൾക്കെല്ലാം മതിയായ നഷ്ടപരിഹാരം കുടക്കമ്പനി തന്നേ മതിയാകൂ എന്ന് പിങ്കു പറഞ്ഞു.



## ഫ്രീ കൊടുത്ത കുടക്കാണോ നഷ്ടപരിഹാരം?

**തവളക്കുളം:** പിങ്കുക്കുറുക്കന്റെ പരാതിയെ പറ്റി തങ്ങൾ അന്വേഷിച്ചെന്നും അതിൽ വേറെ കുറെ കാര്യങ്ങളുണ്ട് എന്നും തവളമാർക്ക് കമ്പനി ഉടമ സെബാസ്റ്റ്യൻ കരടി. ചോണനുറുമ്പ് ഫാൻസി കടയിൽ നിന്നാണ് പിങ്കു കുട വാങ്ങിയത്. ആ കുടയാകട്ടെ മഴ നനഞ്ഞു പോകുന്നത് കണ്ടമ്പോൾ പാവം തോന്നി കടയുടമ ചുപ്പനുറുമ്പ് കൊടുത്തതാണ്. രണ്ട് വർഷമായി താൻ ഉപയോഗിക്കുന്ന കുടയാണ് പിങ്കുവിന് കൊടുത്തത്. അതാണ് പുതിയ കുട എന്നൊക്കെ പറഞ്ഞ് പിങ്കു കള്ളം പറയുന്നത്. അതുപോലെ മാനസികാസ്വാസ്ഥ്യം ഉള്ള ആളാണ് പിങ്കുവെന്നും തങ്ങളുടെ അന്വേഷണത്തിൽനിന്ന് മനസ്സിലായതായി സെബുക്കരടി പറഞ്ഞു. പിങ്കുവിന് അസുഖമാണെന്ന് വെക്കാം, എന്നാൽ കേട്ടപാതി കേൾക്കാത്ത പാതി വാർത്തകളാക്കുന്ന ചാനലുകളും പത്രങ്ങളുമാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്നും അദ്ദേഹം തുടർന്നു.

## മെസ്സിമുയലിന് വിലക്ക്




**ആടുമേട്:** തങ്ങളെ കുറ്റം പറഞ്ഞതിന് പ്രശസ്ത ഫുട്ബോൾ താരം മെസ്സിമുയലിനെ ഫുട്ബോൾ അതോറിറ്റി രണ്ട് മൽസരത്തിൽ നിന്ന് വിലക്കി. കളിക്കാൻ പറ്റാതെ സ്റ്റേഡിയത്തിൽ കടല കൊറിച്ചിരുന്നാലേ ഇവരൊക്കെ പാഠം പഠിക്കൂ എന്നും അതുകൊണ്ടാണ് അങ്ങനെയൊരു നിലപാടെടുത്തതെന്നും. കൊറേ ഗോളടിച്ചെന്ന് കരുതി വായിൽ തോന്നുന്നത് പറയാൻ സമ്മതിക്കില്ലെന്നും ഞങ്ങളെ കുറ്റം പറയുന്നത് ഞങ്ങൾക്ക് ഒട്ടും ഇഷ്ടമല്ലെന്നും അതോറിറ്റി പ്രസിഡന്റ് ജുംബൻ സിംഹം പറഞ്ഞു. ഞങ്ങൾ സംഭവമാണെന്നും മറ്റും പൊക്കി പറയുകയാണേൽ വേണമെങ്കിൽ വിലക്ക് പിൻവലിക്കാമെന്നും അദ്ദേഹം തുടർന്നു.

# കൊതുകുകളെ നിലക്ക് നിർത്തണം

**പ്രാണീപുരം:** കാട്ടിൽ മുഴുവൻ ഓടി നടന്ന് രോഗങ്ങൾ പടർത്തുന്ന കൊതുകുകളെ ഗവൺമെന്റ് നിലക്കു നിർത്തണമെന്ന് ആക്ടിവിസ്റ്റുകളുടെ കൂട്ടായ്മ ആവശ്യപ്പെട്ടു. എത്രയേറെ രോഗങ്ങളാണ് കൊതുകുകൾ പടർത്തുന്നത്. മൃഗങ്ങൾക്ക് ഭയമില്ലാതെ പുറത്തിറങ്ങാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.

എല്ലാ കൊതുകുകളെയും കൊതുകുവലക്കുള്ളിലാക്കിയാൽ അത്രയേറെ സമാധാനപരമാകും മൃഗജീവിതം എന്ന് അവർ പുറത്തിറക്കിയ പത്രക്കുറിപ്പിൽ പറഞ്ഞു. എന്നാൽ കുഴപ്പം



തങ്ങളുടേതല്ലെന്നും പ്രതിരോധശേഷിയില്ലാത്തതുകൊണ്ടാണ് അസുഖങ്ങൾ വരുന്നതെന്നും മേലനങ്ങി പണിയെടുക്കാതെ മുഴുനേരം മൊബൈലിൽ കളിച്ചുകൊണ്ടിരുന്നാൽ പിന്നെങ്ങനെ അസുഖം വരാതിരിക്കും എന്നും കൊതുക് യൂണിയൻ പ്രസിഡന്റ് കുത്തനുണ്ണി പറഞ്ഞു.